**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 922** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടിക വർഗക്കാർക്കായി പ്രഖ്യാപിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടിക വർഗക്കാർക്കായി പ്രഖ്യാപിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രം തുക അനുവദിക്കാത്തതിനാൽ പ്രസ്തുത പദ്ധതികളെ സംസ്ഥാന പദ്ധതികളാക്കി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന എം.ആർ.എസ് / ആശ്രമം സ്കൂളുകളുടെ നിർമ്മാണം, ബോയ്സ് ഹോസ്റ്റൽ നിർമ്മാണം, ഗേൾസ് ഹോസ്റ്റൽ നിർമ്മാണം എന്നീ പദ്ധതികൾക്ക് കേന്ദ്രത്തിൽ നിന്നും തുക അനുവദിക്കാത്തതിനാൽ 'പട്ടികവർഗ്ഗ മേഖലയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും/ആശ്രമം സ്കൂളുകളുടെയും/ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും/ പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും നിർമ്മാണം' എന്ന സംസ്ഥാന പദ്ധതിയാക്കി മാറ്റി തുക വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പട്ടിക വർഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുന്നതിനായി കേരള ട്രൈബൽ പ്ലസ് പ്രോഗ്രാം എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയ്ക്ക് കീഴിൽ കേരള ട്രൈബൽ പ്ലസ്സ് പ്രോഗ്രാം (അധിക വേതന തൊഴിൽ പദ്ധതി) നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി യിലൂടെ, എം.ജി.എൻ.ആർ.ഇ.ജി.എസ് നൽകുന്ന 100 ദിവസ തൊഴിലിന് പുറമെ, 100 ദിവസത്തെ തൊഴിൽ കൂടി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുന്നു. പദ്ധതിയ്ക്കാവശ്യമായ ഫണ്ട് ആവശ്യപ്പെടുന്ന മുറയ്ക്ക് തൊഴിലുറപ്പ് മിഷന് ലഭ്യമാക്കുന്നതാണ്. |
| (സി) | പട്ടിക വർഗക്കാരുടെ അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ചു നൽകുന്നതിനും ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | പട്ടികവർഗ്ഗക്കാരുടെ ഭൂമി അന്യാധീനപ്പെട്ടാൽ പുനഃസ്ഥാപിച്ചു നൽകുന്നതിന് കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമം -1999 ലെ വകുപ്പ് (7) പ്രകാരം ഭൂമി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ റവന്യൂ ഡിവിഷണൽ ആഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. റവന്യൂ ഡിവിഷണൽ ആഫീസറുടെ തീരുമാനം അപേക്ഷകന് |

| | | | |
|---|---|---|---|
| | | | എതിരായാൽ ടി നിയമത്തിലെ വകുപ്പ് 7(5) പ്രകാരം 30 ദിവസത്തിനകം ജില്ലാ കളക്ടർക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ജില്ലാ കളക്ടർ പ്രസ്തുത അപേക്ഷയിൽ വിചാരണ നടത്തി തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ